## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 28.01.2026**

### പ്രധാനവാർത്തകൾ

1) രാജ്യത്തെ പ്രതിരോധ സേനയുടെ ധീരതയും വൈദഗ്ധ്യവും ഓപ്പറേഷൻ സിന്ദൂറിലൂടെ ലോകത്തിനു വ്യക്തമായതായി നയപ്രഖ്യാപന പ്രസംഗത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു.
പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിന് തുടക്കമായി; കേന്ദ്ര ബജറ്റ് ഞായറാഴ്ച.

2) ഇന്ത്യയിലെ യുവാക്കളെ ആത്മവിശ്വാസവും അച്ചടക്കവുമുള്ള പൗരന്മാരാക്കുന്ന പ്രസ്ഥാനമാണ് എൻസിസി എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

3) സംസ്ഥാനത്ത് ചികിത്സാപ്പിഴവ് കാരണമുള്ള മരണങ്ങൾ വർധിച്ചു വരുന്നതായി പ്രതിപക്ഷം നിയമസഭയിൽ; കേരളത്തിൻറെ ആരോഗ്യ മേഖലയെ മികച്ചതാക്കാൻ സർക്കാരിന് സാധിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്.

4) 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റ് ധനമന്ത്രി കെ.എൻ ബാലഗോപാൽ നാളെ നിയമസഭയിൽ അവതരിപ്പിക്കും.

5) ലോക കേരളസഭയുടെ അഞ്ചാം സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. 125 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

6) ഇന്ത്യ-ന്യൂസിലാൻറ് ട്വൻറി-20 പരമ്പരയിലെ അഞ്ചാം മത്സരത്തിനായി ഇരു ടീമുകളും നാളെ തിരുവനന്തപുരത്തെത്തും. നാലാം മത്സരം ഇന്ന് രാത്രി വിശാഖപട്ടണത്ത്.

RNU TVPM

രാഷ്ട്രപതി (ഇൻട്രോ )

രാജ്യത്തെ പ്രതിരോധ സേനയുടെ ധീരതയും വൈദഗ്ധ്യവും ഓപ്പറേഷൻ സിന്ദൂറിലൂടെ ലോകത്തിനു വ്യക്തമായതായി രാഷ്ട്രപതി ദ്രൗപദി മുർമു. ഇന്ത്യയ്ക്കെതിരായ ഏതൊരു ഭീകരാക്രമണത്തിനും തക്കതായ പ്രതികരണം ലഭിക്കുമെന്ന ശക്തമായ സന്ദേശം രാജ്യം നൽകിയതായും രാഷ്ട്രപതി പറഞ്ഞു. ബജറ്റ് സമ്മേളനത്തോട് അനുബന്ധിച്ച് പാർലമെന്റിൽ നയപ്രഖ്യാപന പ്രസംഗം നടത്തുകയായിരുന്നു രാഷ്ട്രപതി. ഗ്രാമീണ മേഖലയിൽ തൊഴിൽ വികസനം ഉറപ്പാക്കാനായി കൊണ്ട് വന്ന VB ജി റാം ജി നിയമം 125 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുമെന്നും അവർ പറഞ്ഞു. സർക്കാരിന്റെ മികച്ച നയങ്ങളും സംരംഭങ്ങളും രാജ്യത്തെ കാർഷികോൽപ്പാദനത്തിൽ ദ്രുതഗതിയിലുള്ള വർദ്ധനവിന് കാരണമായി. വികസിത ഭാരതത്തിലേക്കുള്ള യാത്രയ്ക്ക് 2026 ഒരു സുപ്രധാന അടിത്തറ പാകുമെന്നും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

RNU TVPM

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തോട് അനുബന്ധിച്ച്, സാമ്പത്തിക സർവേ നാളെ സമർപ്പിക്കും. ഫെബ്രുവരി ഒന്ന് - ഞായറാഴ്ചയാണ് കേന്ദ്ര ബജറ്റ്. ഇന്ന് മുതൽ അടുത്ത മാസം 13 വരെയും , മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെയും 2 ഘട്ടങ്ങളിലായി 30 ദിവസമാണ് സഭ ചേരുക.

പ്രധാനമന്ത്രി - നയപ്രഖ്യാപനം

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗം ഇന്ത്യയുടെ ശ്രദ്ധേയമായ വികസന യാത്രയെ പ്രതിഫലിപ്പിക്കുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ശക്തവും സ്വയംപര്യാപ്തവുമായ രാഷ്ട്രം കെട്ടിപ്പടുക്കുക എന്ന പൊതുവായ അഭിലാഷം പ്രസംഗത്തിലുടനീളം പ്രകടമായിരുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

**പി എം N C C റാലി (ഇൻട്രോ)**

ഇന്ത്യയിലെ യുവാക്കളെ ആത്മവിശ്വാസവും അച്ചടക്കവും സംവേദനക്ഷമതയുമുള്ള പൗരന്മാരാക്കുന്ന പ്രസ്ഥാനമാണ് എൻസിസി എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ കരിയപ്പ പരേഡ് ഗ്രൗണ്ടിൽ വാർഷിക എൻസിസി - പി എം റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. എൻസിസിയിൽ അതിർത്തി, തീരദേശ മേഖലകളിൽ നിന്നുള്ള പങ്കാളിത്തം വർധിച്ചതായും പെൺകുട്ടികളുടെ പങ്കാളിത്തം ഉയർന്നതിൽ സന്തോഷമുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

**( വോയിസ് പ്രധാനമന്ത്രി....)**

---

**പി എം-ആയുഷ്**

ഇന്ത്യ-യൂറോപ്യൻ യൂണിയൻ വ്യാപാര കരാർ ഇന്ത്യയിലെ പരമ്പരാഗത വൈദ്യ സേവനങ്ങളെ ഉത്തേജിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കേരളത്തിലെ കോട്ടക്കൽ ആര്യ വൈദ്യശാല ചാരിറ്റബിൾ ആശുപത്രിയുടെ ശതാബ്ദി ആഘോഷങ്ങളെ വെർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആയുർവേദത്തെ ശക്തമായ ചികിത്സാ സമ്പ്രദായമാക്കി മാറ്റാൻ 125 വർഷത്തെ പ്രവർത്തനത്തിലൂടെ സ്ഥാപനത്തിന് സാധിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. ആര്യ വൈദ്യശാല സ്ഥാപകനായ വൈദ്യരത്നം പി.എസ്. വാര്യരുടെ സംഭാവനകളെ അദ്ദേഹം അനുസ്മരിച്ചു.

RNU TVPM

---

**ഗവർണർ -കോട്ടയ്ക്കൽ**

ആയുർവേദവും അലോപ്പതിയും ഒന്നിച്ചു മുന്നേറിയാൽ അത്ഭുതങ്ങൾ സംഭവിക്കുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. കോട്ടക്കൽ ആര്യ വൈദ്യശാല ചാരിറ്റബിൾ ആശുപത്രിയുടെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ആയുർവേദ രംഗത്ത് ഗവേഷണം ശക്തമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

---

**നിയമസഭ**

തിരുവനന്തപുരം വിളപ്പിൽശാല ആശുപത്രിയിൽ ചികിത്സ കിട്ടാതെ രോഗി മരിച്ചെന്ന ആരോപണത്തിൽ പ്രതിപക്ഷത്തിൻറെ അടിയന്തര പ്രമേയത്തിന്മേൽ നിയമസഭയിൽ ചർച്ച നടന്നു. പി സി വിഷ്ണു നാഥ് ആണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. ചികിത്സാപ്പിഴവ് മൂലം രോഗികൾ മരിക്കുന്ന സംഭവം സംസ്ഥാനത്ത് വർധിച്ചു വരുന്നതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. എന്നാൽ, ബിസ്മീറിന് സാധ്യമായ എല്ലാ ചികിത്സയും നൽകിയെന്നും പരാതിയിന്മേൽ അന്വേഷണം ആരംഭിച്ചതായും മന്ത്രി വീണാ ജോർജ് പറഞ്ഞു. കേരളത്തിന്റെ ആരോഗ്യ മേഖലയെ മികച്ചതാക്കാൻ സർക്കാരിന് സാധിച്ചതായും മന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**നിയമസഭ ബജറ്റ്**

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ചർച്ച നിയമസഭയിൽ ഇന്നും നടന്നു . സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ ഫലപ്രദമായ ഇടപെടലാണ് നടത്തുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റ് ധനമന്ത്രി കെ.എൻ ബാലഗോപാൽ നാളെ സഭയിൽ അവതരിപ്പിക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

**പി.രാജീവ് (ഇൻട്രോ)**

സംസ്ഥാനത്ത് വനിതാ സംരംഭകത്വ പാർക്ക് ആരംഭിക്കുമെന്ന് മന്ത്രി പി രാജീവ്. നിയമസഭയിൽ ചോദ്യോത്തരവേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(വോയിസ് രാജീവ്....)**

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ലോക്ഭവൻ**

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ തിരുത്ത് സംബന്ധിച്ച കത്ത് മാധ്യമങ്ങൾക്ക് ചോർത്തിയെന്ന സ്പീക്കറുടെ പ്രസ്താവനയെ വിമർശിച്ച് ലോക് ഭവൻ. ആരോപണം വസ്തുത വിരുദ്ധമാണെന്നും കത്ത് നേരിട്ട് സ്പീക്കർക്ക് നല്കുകയായിരുന്നെന്നും ലോക് ഭവൻ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**സഹമന്ത്രി ജോർജ് കുര്യൻ**

ഏഴാമത് ഇന്ത്യ ഇൻറർനാഷണൽ കടൽപായൽ ഉച്ചകോടിയും പ്രദർശനവും നാളെ കൊച്ചിയിൽ ആരംഭിക്കും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന രണ്ട് ദിവസത്തെ ഉച്ചകോടി കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**അജിത് പവാർ -വിമാനാപകടം**

മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയും എൻസിപി മുതിർന്ന നേതാവുമായ അജിത് പവാറിന്റെ മരണത്തിനിടയാക്കിയ ബാരാമതി വിമാനാപകടം എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷിക്കും. അപകടത്തിൽ പവാർ ഉൾപ്പെടെ അഞ്ച് പേരാണ് മരണമടഞ്ഞത്. അജിത് പവാറിൻറെ നിര്യാണത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ, മുഖ്യമന്ത്രിമാർ, ഗവർണർമാർ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

**കേൽക്കർ**

വിദേശത്ത് ജനിച്ച ഇന്ത്യക്കാർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനായി ഓഫ് ലൈനായി B.L.O വഴിയോ E.R.O വഴിയോ അപേക്ഷിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. നേരത്തെ ഫോം 6-ലോ ഫോം 6A-യിലോ അപേക്ഷിക്കാൻ സാധിച്ചിരുന്നില്ല. ഈ സംവിധാനം വഴി ഒരു ലക്ഷത്തി 37,162 പ്രവാസികൾ അപേക്ഷ നൽകിയതായും ശ്രീ കേൽക്കർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**ലോക കേരളസഭ( ഇൻട്രോ )**

ലോക കേരളസഭയുടെ അഞ്ചാം സമ്മേളനം നാളെ മുതൽ ഞായറാഴ്ച വരെ തിരുവനന്തപുരത്ത് നടക്കും. സ്റ്റുഡൻറ് മൈഗ്രേഷൻ പോർട്ടൽ, ലോക കേരളം ഓൺലൈൻ സേവനങ്ങൾ എന്നിവ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
വിശദാംശങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...
( വോയിസ്....)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഇന്ത്യ -ന്യൂസിലൻഡ് ട്വന്റി 20

ഇന്ത്യ -ന്യൂസിലൻഡ് ട്വൻറി- 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് നടക്കും. രാത്രി ഏഴു മണിക്ക് വിശാഖപട്ടണത്താണ് മത്സരം. പരമ്പരയിലെ അഞ്ചാം മത്സരത്തിനായി ഇരു ടീമുകളും നാളെ തിരുവനന്തപുരത്തെത്തും. ശനിയാഴ്ച രാത്രി 7 മണിക്ക് ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## അരുന്ധതി റോയ്

2026-ലെ മാതൃഭൂമി ബുക്ക് ഓഫ് ദി ഇയർ പുരസ്കാരം വിഖ്യാത എഴുത്തുകാരി അരുന്ധതി റോയിക്ക്. 'മദർ മേരി കംസ് ടു മി' എന്ന പുസ്തകത്തിനാണ് പുരസ്കാരം.

❁❁❁❁❁❁❁❁❁❁❁❁❁❁❁

RNUTVPM

## ധർമ്മ ജ്യോതി രഥയാത്ര

കൊടുങ്ങല്ലൂർ തിരുവഞ്ചിക്കുളത്തു നിന്നും മലപ്പുറം തിരുന്നാവായയിലെ മഹാമാഘ മഹോത്സവ വേദിയിലേക്കുള്ള ധർമ്മ ജ്യോതി രഥയാത്രയ്ക്ക് തുടക്കമായി. മൗനയോഗി സ്വാമി ഹരിനാരായണനാണ് രഥയാത്രയ്ക്ക് നേതൃത്വം നൽകുന്നത്. ധർമ്മ ജ്യോതി 30ന് തിരുന്നാവായയിൽ എത്തും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല സ്വർണ അപഹരണ കേസ്

ശബരിമല സ്വർണ അപഹരണ കേസിൽ തന്ത്രി കണ്ഠര് രാജീവരുടെ ജാമ്യഹർജി പരിഗണിക്കുന്നത് തിങ്കളാഴ്ചത്തേക്ക് മാറ്റി. കൊല്ലം വിജിലൻസ് കോടതിയാണ് ജാമ്യഹർജി പരിഗണിക്കുക.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി വീണാ ജോർജ്

സംസ്ഥാനത്തെ 17 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇതോടെ സംസ്ഥാനത്തെ ആകെ 302 ആരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ്.

അംഗീകാരം ലഭിച്ചത്. കൂടുതൽ ആശുപത്രികളെ എൻ.ക്യു.എ.എസ്. നിലവാരത്തിലേക്ക് ഉയർത്താനാണ് പരിശ്രമിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM